## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3097 — 15-12-2015-ൽ മറുപടിക്ക്

### വിലക്കയറ്റം തടയാൻ സർക്കാർ സിവിൽ സപ്ലൈസിന് നൽകിയ തുക

**ചോദ്യം** — **ഉത്തരം**

**ശ്രീ.പി.തിലോത്തമൻ**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വിലക്കയറ്റം തടയാൻ കഴിഞ്ഞ സർക്കാർ കാലയളവിൽ സിവിൽ സപ്ലൈസിന് വിവിധ സന്ദർഭങ്ങളിലായി ആകെ നൽകിയ തുക എത്രയായിരുന്നുവെന്ന് പറയാമോ; | (എ) | വിലക്കയറ്റം തടയുന്നതിനായി കഴിഞ്ഞ സർക്കാർ വിപണി ഇടപെടൽ ഇനത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. |
| (ബി) | വിലക്കയറ്റം ചെറുക്കാൻ ഈ സർക്കാർ നാളിതുവരെ സിവിൽ സപ്ലൈസിന് നൽകിയ ആകെ തുക എത്രയാണെന്ന് പറയാമോ; | (ബി) | വിലക്കയറ്റം തടയുന്നതിനായി ഈ സർക്കാർ വിപണി ഇടപെടലിന് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. |
| (സി) | സിവിൽ സപ്ലൈസിന് സർക്കാർ നൽകിയെന്ന പറയുന്ന തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ടോ എന്നും തുക വകമാറ്റിയിട്ടുണ്ടോ എന്നും ഇതിന്റെ വിനിയോഗത്തിൽ എന്തെങ്കിലും അഴിമതി നടന്നിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ ഈ അന്വേഷണത്തിൽ വെളിപ്പെടുന്ന വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാരിൽ നിന്നും ലഭിച്ച തുക അതത് ഇനങ്ങളിൽ തന്നെ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചതായോ ഫണ്ട് വിനിയോഗം സംബന്ധിച്ച് അഴിമതി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടന്നതായോ അറിവില്ല. |

(എ)

| വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| 2006 - 2007 | 30 |
| 2007 - 2008 | 50 |
| 2008 - 2009 | 105 |
| 2009 - 2010 | 83 |
| 2010 - 2011 | 76.31 |

(ബി)

| വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| 2011-2012 | 118.35 |
| 2012-2013 | 135 |
| 2013-2014 | 116.02 |
| 2014-2015 | 70 |
| 2015-2016 (നവംബർ വരെ) | 64 |

Beena

സെക്ഷൻ ഓഫീസർ